**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4029** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുക്കം നഗരസഭയിലെ കുറ്റിപ്പാല-ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപ അനുവദിച്ച് ടെണ്ടർ ചെയ്ത മുക്കം നഗരസഭയിലെ കുറ്റിപ്പാല - ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം മുക്കം നഗരസഭയിലെ കുറ്റിപാലം - ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തി കരാർ ഏറ്റെടുത്ത M/sപുറായിൽ ഗ്രൂപ്പ് ഓഫ് കൺസ്ട്രക്ഷൻസ്, നോർത്ത് കാരശ്ശേരി, മുക്കം എന്ന സ്ഥാപനം പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ ഒഴിവാക്കി കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ പ്രവൃത്തി പുനരാരംഭിക്കാത്തപക്ഷം റിസ്ക് &കോസ്റ്റിൽ കരാർ റദ്ദാക്കുമെന്നറിയിച്ച് കത്ത് നൽകിയപ്പോൾ കരാർ റദ്ദാക്കുന്നതിനുള്ള നടപടി നിർത്തി വെച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്ക് അനുവദിച്ച് നൽകുന്നതിനായി കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരിഗണിക്കുന്നതിന് കരാറുകാരൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c). 16205/2022 നം പരാതിയിലെ 03.06.2022-ലെ ഉത്തരവ് പ്രകാരം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ കോടതി നിർദ്ദേശിച്ചു. ആയതിൻ പ്രകാരം കരാറുകാരനെ നേരിൽ കേട്ട ശേഷം റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാർ റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | സമയബന്ധിതമായി പ്രവൃത്തി ചെയ്യുവാൻ തയ്യാറാകാത്ത കരാർ കമ്പനിക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം മുക്കം നഗരസഭയിലെ കുറ്റിപാലം - ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തി കരാർ ഏറ്റെടുത്ത M/sപുറായിൽ ഗ്രൂപ്പ് ഓഫ് കൺസ്ട്രക്ഷൻസ്, നോർത്ത് കാരശ്ശേരി, മുക്കം എന്ന സ്ഥാപനം പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ ഒഴിവാക്കി കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ പ്രവൃത്തി പുനരാരംഭിക്കാത്തപക്ഷം റിസ്ക് &കോസ്റ്റിൽ കരാർ റദ്ദാക്കുമെന്നറിയിച്ച് കത്ത് നൽകിയപ്പോൾ കരാർ റദ്ദാക്കുന്നതിനുള്ള നടപടി നിർത്തി വെച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്ക് അനുവദിച്ച് നൽകുന്നതിനായി കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം |

| | | | |
|---|---|---|---|
| | | | പരിഗണിക്കുന്നതിന് കരാറുകാരൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c). 16205/2022 നം പരാതിയിലെ 03.06.2022-ലെ ഉത്തരവ് പ്രകാരം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ കോടതി നിർദ്ദേശിച്ചു. ആയതിൻ പ്രകാരം കരാറുകാരനെ നേരിൽ കേട്ട ശേഷം റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാർ റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ റീ-ടെണ്ടർ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | അവശേഷിക്കുന്ന പ്രവൃത്തിക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി ഉടൻ റീ ടെണ്ടർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ